# Deepika

## 25 August 2018

## Varapuzha; Flood, Flood Relief



# ക്ലീൻ കുട്ടനാട് ശുചിത്വസേനയിലേക്ക് കൂടുതൽ പേർ

**ബെന്നി ചിറയിൽ**

**ചങ്ങനാശേരി:** മഹാപ്രളയത്തെത്തുടർന്ന് ചെളിക്കുളമായ കുട്ടനാട്ടിലെ വീടുകൾ വാസയോഗ്യമാക്കാനും പരിസരങ്ങൾ ശുചീകരിക്കാനും യുവാക്കളുടെ നേതൃത്വത്തിൽ നടപ്പാക്കുന്ന ക്ലീൻ കുട്ടനാട് പദ്ധതിയുടെ നടത്തിപ്പിനായി രൂപീകരിച്ച ശുചിത്വസേനയിലേക്കു പങ്കാളികളാകാൻ കൂടുതൽ പേർ രംഗത്ത്. ചങ്ങനാശേരി അതിരൂപത യുവദീപ്തി-എസ്എംവൈഎം നേതൃത്വം നൽകുന്ന സേനയിൽ തിരുവനന്തപുരം ലത്തീൻ, തലശേരി, തൃശൂർ, തക്കല തൂപതകളും വടവാതൂർ സെമിനാരിയിലെ വൈദിക വിദ്യാർഥികൾ, കാഞ്ഞിരപ്പള്ളി ഒഎഫ്എം കപ്പൂച്ചിൻ സെമിനാരി എന്നിവരും പങ്കുചേരാൻ താത്പര്യം അറിയിച്ചു.

ചങ്ങനാശേരി റോഡിയോ മീഡിയാ വില്ലേജ്, ചാരിറ്റിവേൾഡ് എന്നിവരുടെ നേതൃത്വത്വത്തിൽ വിപുലമായ ടീമും സഹകരണം നൽകും. എസ്ബി, അസംപ്ഷൻ, എടത്വാ സെന്റ് അലോഷ്യസ്, പുന്നപ്ര സെന്റ് ഗ്രിഗോറിയോസ്, അമലഗിരി ബികെ കോളജ്, എസ്എബിഎസ്, സിഎംസി, ജോസഫൈൻ, എസ്എച്ച്, കോൺഗ്രിഗേഷനുകൾ എന്നിവരും സന്നദ്ധത അറിയിച്ചുകഴിഞ്ഞു. തിരുവനന്തപുരം ഗവൺമെന്റ് എൻജിനിറിംഗ് കോളജ്, ചങ്ങനാശേരി ഡോ.സക്കീർഹുസൈൻ ഐടിഐ വിദ്യാർഥികൾ വീടുകളിലെ വയറിംഗ് പ്ലമ്പിംഗ് ജോലികൾ സൗജന്യമായി ചെയ്തുനൽകും. കരിസ്മാറ്റിക്, ജീസസ് യൂത്ത് ഗ്രൂപ്പുകൾ, ആലപ്പുഴ ലത്തീൻ രൂപതയിലെ മംഗലം മാക്സ്മിലൻ കോൾബേ, നെടുംകുന്നം ഫൊറോന ഇത്തിത്താനം, കോട്ടയം നാല്പാത്തിമല, തിരുവനന്തപുരം പൊങ്ങുംമൂട്, അരുവിത്തുറ, ഇടവകകളും അടുത്തദിവസം തന്നെ ശുചീകരണത്തിനായി എത്തിച്ചേരും. കെഎൽഎമ്മിന്റെ ഇരുപത് ടീമും കത്തോലിക്ക കോൺഗ്രസ്, മാതൃപിതൃവേദികളുടെ അമ്പത് യൂണിറ്റുകളും സഹകരണം വാഗ്ദാനം ചെയ്തു.

ചങ്ങനാശേരി, കുട്ടനാട്ടിലെ പുളിങ്കുന്ന്, എടത്വാ, ചമ്പക്കുളം, ആലപ്പുഴ ഫൊറോനകളിലെ 76യൂണിറ്റുകളുടെ നേതൃത്വത്തിൽ ഈ ഫൊറോനകളുടെ പരിധിയിലുള്ള മുഴുവൻ വീടുകളുടെയും പരിസരങ്ങളുടെയും ശുചീകരണവും രോഗപ്രതിരോധ പ്രവർത്തനങ്ങളുമാണു യുവദീപ്തി-എസ്എംവൈഎം ലക്ഷ്യം വയ്ക്കുന്നത്. ഇതുസംബന്ധിച്ച് അതിരൂപതയിലെ യുവദീപ്തി-എസ്എംവൈഎം യൂണിറ്റുകളിലെ ഭാരവാഹികളുടെ യോഗം നാളെ ഉച്ചകഴിഞ്ഞ് രണ്ടിന് അതിരൂപത പാസ്റ്ററൽ സെന്റർ ഓഡിറ്റോറിയത്തിൽ നടക്കും.

പദ്ധതിയുടെ ഉദ്ഘാടനം തിങ്കളാഴ്ച രാവിലെ 9.30ന് പള്ളിക്കൂട്ടുമ്മ ഫാത്തിമാമാതാ പള്ളിയിൽ അതിരൂപത സഹായമെത്രാൻ മാർ തോമസ് തറയിൽ നിർവഹിക്കും.

കുട്ടനാടിന്റെ പുനരധിവാസത്തിനായി യുവദീപ്തി-എസ്എംവൈഎം പ്രസ്ഥാനത്തോടു സഹകരിച്ചു പ്രവർത്തിക്കാനും ശുചീകരണത്തിനുള്ള സാമഗ്രികൾ സംഭാവന ചെയ്യാനും താത്പര്യമുള്ളവർക്ക് ഫാ.ജോസഫ് കളരിക്കൽ(9961077388)ഫാ.ജേക്കബ് ചക്കാത്തറ(9447868180),ഫാ. ജോസ് പുത്തൻചിറ(9497325685), ഫാ.ജോസ് മുകളേൽ (9447030814) എന്നിവരുമായി ബന്ധപ്പെടുക.